# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 നവംബർ 30**

---

## രാജ്യാന്തര പോളിമെർ കോൺഫറൻസിന് നാളെ തുടക്കം

*മഹാത്മാ ഗാന്ധി സർവകലാശാലയും ഖരഗ്പൂർ ഐ.ഐ.ടിയും സംയുക്തമായി സംഘടിപ്പിക്കുന്ന പോളിമെറ-2024 രാജ്യാന്തര പോളിമെർ സയൻസ് കോൺഫറൻസ് നാളെ( ഡിസംബർ 2) ആരംഭിക്കും. രാവിലെ ഒൻപതിന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.*

*പോളിമെറുകൾ സുരക്ഷിതവും സുസ്ഥിരവുമായ ഭാവിക്ക് എന്ന വിഷയത്തിൽ നടക്കുന്ന സമ്മേളനത്തിൽ പോളിമെർ സയൻസിലെ ഏറ്റവും പുതിയ കണ്ടെത്തലുകളും ഭാവി സാധ്യതകളും അവതരിപ്പിക്കും. ഇതിനു മുന്നോടിയായി ആദ്യ ദിവസമായ ഇന്ന് (ഡിസംബർ 1) ത്രീഡി പ്രിന്റിംഗ് സാങ്കേതിക വിദ്യയിലെ ഏറ്റവും പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള ശിൽപ്പശാല നടക്കും.*

*എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമെർ സയൻസ് ആന്റ് ടെക്നോളജിയും ഖരഗ്പൂർ ഐ.ഐ.ടിയിലെ റബർ ടെക്നോളജി സെന്ററുമാണ് പരിപാടി ഏകോപിപ്പിക്കുന്നത്.*

*സർവകലാശാലാ മുൻ വൈസ് ചാൻസലറും സർവകലാശാലയിലെ ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോടെക്നോളജി ഡയറക്ടറുമായ ഡോ. സാബു തോമസ്, ഖരക്പൂർ ഐ.ഐ.ടിയിലെ പ്രഫ. കിൻസുക് നസ്കർ, സ്കൂൾ ഓഫ് പോളിമെർ സയൻസ് ആന്റ് ടെക്നോളജി ഡയറക്ടർ ഡോ. എം.എസ്. ശ്രീകല എന്നിവർ നേതൃത്വം നൽകും.*

*ആഗോളതലത്തിൽ വിഖ്യാതരായ ശാസ്ത്രജ്ഞർ, ഗവേഷകർ, വ്യവസായ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. പോളിമെർ സയൻസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രഭാഷണങ്ങൾ, പ്ലീനറി സെഷനുകൾ, പോസ്റ്റർ അവതരണം തുടങ്ങി യവയുണ്ടാകും.*

*(പി.ആർ.ഒ/39/1085/2024)*

## പരീക്ഷാ ഫലം

*രണ്ടാം സെമസ്റ്റർ എംഎ ഡെവലപ്മെന്റ് ഇക്കണോമിക്സ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 13 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

..........................

*മൂന്നും നാലും സെമസ്റ്റർ എംഎ ഹിസ്റ്ററി(പ്രൈവറ്റ് 2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 13വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1086/2024)*

## പരീക്ഷാ തീയതി

*മൂന്നാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ ഇന്റലക്ച്വൽ ഡിസബിലിറ്റി/ ലേണിംഗ് ഡിസബിലിറ്റി (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 16 മുതൽ ആരംഭിക്കും.*

.............

*ഒന്നാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ ഇന്റലക്ച്വൽ ഡിസബിലിറ്റി/. ലേണിംഗ് ഡിസബിലിറ്റി (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2024 അഡ്മിഷൻ റെഗുലർ, 2022, 2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 17 മുതൽ ആരംഭിക്കും.*

*(പി.ആർ.ഒ/39/1087/2024)*

## സമയപരിധി നീട്ടി

*ഒന്നാം സെമസ്റ്റർ എംഎ (എച്ച്ആർഎം 2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) എംഎച്ച്ആർഎം (2020 അഡ്മിഷൻ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പി ക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ ഡിസംബർ രണ്ടു വരെയും ഫൈനോടുകൂടി ഡിസംബർ മൂന്നു വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ നാലു വരെയും അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1088/2024)*

## പരീക്ഷ തീയതി മാറ്റി

*ഡിസംബർ മൂന്നിന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബിപിഇഎസ് (നാല് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രം 2023 അഡ്മിഷൻ റെഗുലർ, 2016 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്)പരീക്ഷ ഡിസംബർ നാലിലേക്ക് മാറ്റി. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1089/2024)*

## പരീക്ഷാ കേന്ദ്രത്തിൽ മാറ്റം

*ഇടുക്കി പാറത്തോട് ശ്രീനാരായണ കോളജ് ഓഫ് ആർട്സ് ആന്റ് സയൻസ് പ്രവർത്തനം നിർത്തിയതിനാൽ സിബിസിഎസ് ഒക്ടോബർ 2024 പരീക്ഷയ്ക്കും ഈ കേന്ദ്രത്തിൽ സർവകലാശാല നടത്തേിയിരുന്ന മറ്റു പരീക്ഷകൾക്കും മുരിക്കാശേരി പാവനാത്മാ കോളജ് പരീക്ഷാ കേന്ദ്രമായി അനുവദിച്ചു.*

*(പി.ആർ.ഒ/39/1090/2024)*

## പ്രാക്ടിക്കൽ

*ബിഎ മോഡൽ 1 ആനുവൽ സ്കീം(അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് 1998-2008 അഡ്മിഷനുകൾ പാർട്ട് മൂന്ന് മെയിൻ ഡിഗ്രി സെപ്റ്റംബർ 2018ന്റെ മ്യൂസി ക് വയലിൻ പ്രാക്ടിക്കൽ പരീക്ഷ ജനുവരി എട്ടിന് തൃപ്പൂണിത്തുറ ആർ.എൽ.വി കോ ളജിൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

...........................

*മൂന്നാം സെമസ്റ്റർ ബിഎ സിബിസിഎസ്(പുതിയ സ്കീം 2023 അഡ്മിഷൻ റഗു ലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അ*

*പ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ മ്യൂസിക് വയലിൻ, മൃദംഗം, കഥകളി ചെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 10 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോള ജിൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1091/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**